**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 983** **02-02-2026 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ ഉന്നതികളിൽപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം ഭൂമി നൽകുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ വനത്തിനുള്ളിൽ കഴിയുന്ന 36 ഉന്നതികളിൽപ്പെട്ട ആയിരത്തോളം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം വീട് നിർമ്മിക്കുന്നതിനും കൃഷി ആവശ്യത്തിനുമായി വനഭൂമി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ സൗത്ത്, നിലമ്പൂർ നോർത്ത് ഡിവിഷനുകൾക്ക് കീഴിലെ വിവിധ ഉന്നതികളിൽ കഴിയുന്ന പട്ടിക വർഗ വിഭാഗക്കാർക്ക് വനാവ കാശ നിയമ പ്രകാരം ഭൂമി ലഭ്യമാക്കുന്നതിന് ലഭിച്ച അപേക്ഷകളിൽ നിയമാനുസൃതമായി നൽകാൻ കഴിയുന്ന ഭൂമി നൽകിയിട്ടുണ്ട്. |
| (ബി) | മുണ്ടക്കടവ്, മാഞ്ചീരി ഉന്നതികളിലെ 61 കുടുംബങ്ങൾക്ക് വനഭൂമി നൽകുന്നതിന് ഡി.എൽ.സി. അംഗീകാരം നൽകിയിട്ടും വനം വകുപ്പ് അധികൃതർ കൈവശരേഖയിൽ ഒപ്പുവയ്ക്കാത്തതുമൂലം പുനരധിവാസം മുടങ്ങിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | ബഹു കേരള ഹൈക്കോടതിയുടെ WP(C) 7019/2020 നമ്പർ കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ പുലിമുണ്ട-മുണ്ടക്കടവ് നിവാസികൾക്ക് വ്യക്തിഗത വനാവകാശം അനുവദിക്കുന്നതിന് ലഭിച്ച 45 അപേക്ഷകൾ പരിശോധിച്ചതിൽ 23 എണ്ണം നിയമാനുസൃതമാണെന്ന് കണ്ട് അംഗീകാരം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 22 അപേക്ഷകളിൽ നിയമാനുസൃത കാലയളവിൽ 18 വയസ്സ് പൂർത്തീകരിക്കാത്തതിനാൽ ROR അനുവദിക്കുന്നതിന് നിയമപരമായ തടസ്സങ്ങളുണ്ട്. മാഞ്ചീരി ഉന്നതിയിലെ 8 കുടുംബങ്ങൾക്ക് അനുവദിച്ച സ്ഥലം അവർ കൈവശം വയ്ക്കാത്ത വനഭൂമിയും കരിമ്പുഴ വന്യജീവി സങ്കേതത്തിന്റെ കോർ ഏരിയയിൽ ഉൾപ്പെടുന്നതുമായതിനാൽ നിയമപരമായി നൽകാൻ അർഹതയില്ല. |
| (സി) | വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 10 സെന്റിൽ താഴെ വനഭൂമി മാത്രമാണ് മിക്ക ഉന്നതികളിലും നൽകിയിട്ടുള്ളതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;അവർക്ക് കുറഞ്ഞത് ഒരു ഏക്കർ ഭൂമിയെങ്കിലും നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 2005 ഡിസംബർ 13 വരെ 3 തലമുറയായി വനത്തെ ആശ്രയിച്ച് കഴിഞ്ഞവർ ആ സമയം കൈവശം വെച്ച ഭൂമിയാണ് വനാവകാശ നിയമ പ്രകാരം നൽകുന്നത്. കുറഞ്ഞത് ഒരേക്കർ ഭൂമി നൽകണം എന്നത് വനാവകാശ നിയമത്തിൽ പ്രതിപാദിച്ചിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ